(സി) 30 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) വ്യക്തികളല്ല, അതത് വികസന മേഖലയിലെ വിദഗ്ദരുടെ ഗ്രൂപ്പുകളാണ് പുസ്തകം തയ്യാറാക്കിയത്.

(ഇ) പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മാത്രമായി പ്രതിഫലം നൽകിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ നിയമനം

107 [5252] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ പുനർ വിന്യാസം പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഓരോ ജില്ലയിലും ഇതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം പ്രത്യേകം വിശദമാക്കാമോ;

(സി) ഓരോ ജില്ലയിലും ഇതിന്റെ ഭാഗമായി നിയമിച്ചിട്ടുള്ളവരുടെ എണ്ണവും അതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ഭൂരിഭാഗം തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതുമൂലം ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) പുതിയ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല.

(സി) ഇപ്പോഴുംനിയമനം നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുവാൻ ആ സ്ഥാനങ്ങളിൽ ചുമതലയേറ്റ ഉദ്യോഗസ്ഥർക്ക് ഉദ്യോഗസ്ഥൻമാരില്ലാത്ത സ്ഥലങ്ങളുടെ അധിക ചുമതല നൽകിക്കൊണ്ട് ചീഫ് എൻജിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട്

108 [5253] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട് എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് മുഖേന ശേഖരിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) കേരളത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട് അതാതു പഞ്ചായത്തുകളിൽ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.†

പഞ്ചായത്തുകളുടെ കീഴിലെ എയിഡഡ് സ്കൂളുകളിലെ ആശ്രിത നിയമനം

109 [5254] ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, മാത്തൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ കീഴിൽ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) ഈ സ്കൂളുകളിലെ മാനേജർമാരായി ആരെയാണ് ചുമതലപ്പെടുത്തുന്നതെന്നറിയാമോ;

(സി) ഈ സ്കൂളുകളിൽ ആശ്രിത നിയമനം നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ പല സ്കൂളുകളിലും ആശ്രിത നിയമനം നൽകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മറ്റ് എയിഡഡ് സ്കൂളുകളിലേതുപോലെ ഈ സ്കൂളുകളിലും ആശ്രിത നിയമനം നൽകുന്നതിനുള്ള ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളുടെ കീഴിൽ 111 സ്കൂളുകൾ പ്രവർത്തിക്കുന്നു, അവ താഴെ പറയും പ്രകാരമാണ്:

(1) ഹൈസ്കൂൾ .. 19
(2) യു. പി. സ്കൂൾ .. 29
(3) എൽ. പി. സ്കൂൾ .. 63

(ബി) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരാണ് പഞ്ചായത്ത് സ്കൂൾ മാനേജർമാരായി പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly